പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.257 28/05/2019-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിലെ കരൾ-വൃക്ക-ഹൃദയമാറ്റ ശസ്ത്രക്രിയാച്ചെലവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ .ബഷീർ | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന കരൾ-വൃക്ക-ഹൃദയമാറ്റ ശസ്ത്രക്രിയകൾക്ക് വൻതുക ഫീസായി ഈടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം ശസ്ത്രക്രിയകൾക്ക് സർക്കാർ ഫീസ് നിശ്ചയിക്കുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) | വ്യവസ്ഥയില്ല |
| സി) | സർക്കാരിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ കുറഞ്ഞ ചെലവിൽ ഇത്തരം ശസ്ത്രക്രിയകൾ നടത്തുന്നതിന് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | സി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയകൾ കുറഞ്ഞ ചെലവിലാണ് ഇപ്പോൾ നടത്തി വരുന്നത്. തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ നടത്തിവരുന്നുണ്ട്. ഹൃദയം മാറ്റിവയ്ക്കുന്നതിനുള്ള ശസ്ത്രക്രിയ കോട്ടയം മെഡിക്കൽ കോളേജിലും നടത്തിവരുന്നു . തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവിടെ നടന്ന ആദ്യ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ കരൾ സ്വീകരിച്ച രോഗി അവയവദാതാവിൽ നിന്നുണ്ടായ അണുബാധ മൂലം മരണപ്പെട്ടതിനാൽ കരൾമാറ്റ ശസ്ത്രക്രിയ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. കരൾ മാറ്റ ശസ്ത്രക്രിയ പുനരാരംഭിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു . |

സെക്ഷൻ ഓഫീസർ.